**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ നടത്തിയിരുന്നോ; | (എ) | സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നു കാട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസം തെലങ്കാനയിൽ ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു. തെലങ്കാനയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസ്സോസ്സിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. |
| (ബി) | ഇതിൽ പങ്കെടുത്തവരും അല്ലാത്തവരുമായ വ്യവസായ സംരംഭകർ കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ വ്യവസായ സാധ്യതകളെ തുറന്നു കാട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ മാസം തെലങ്കാനയിൽ ഒരു ഇൻവെസ്റ്റ്മെന്റ് റോഡ് ഷോ സംഘടിപ്പിച്ചിരുന്നു. തെലങ്കാനയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെയും വാണിജ്യ-വ്യവസായ അസ്സോസ്സിയേഷനുകളുടെയും മുപ്പതോളം ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. |
| (സി) | മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനത്തെത്തുടർന്ന് എത്ര വൻകിട വ്യവസായ പദ്ധതികൾക്ക് വേണ്ടി എത്ര പേർ സംസ്ഥാനത്ത് മുതൽ മുടക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് കേരളത്തിലേയ്ക്ക് വൻനിക്ഷേപങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി ദുബായ് എക്സ്പോയുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയും മറ്റു പ്രതിനിധികളും നടത്തിയ യു.എ.ഇ സന്ദർശനത്തിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും മറ്റു വിശദാംശങ്ങളും പരിശോധിച്ചു വരികയാണ്. സംസ്ഥാനത്ത് വൻകിട പദ്ധതികൾക്കു വേണ്ടി മുതൽമുടക്കാൻ തയ്യാറാണെന്ന് ദുബായ് വ്യവസായ സമൂഹം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ താല്പര്യപത്രം/ധാരണാപത്രം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ |

| | | | |
|---|---|---|---|
| | | | കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ